# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3316 - 14/03/2018-ൽ മറുപടിക്ക്

## ജീവിതശൈലി രോഗങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.പി. ഉണ്ണി** | | **ശ്രീമതി . കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) | |
| എ) | പി.എച്ച്.സി.കൾ സി.എച്ച്.സി.കൾ താലൂക്ക് ആശുപത്രികൾ എന്നീ ആരോഗ്യസ്ഥാപനങ്ങളിൽ ജീവിതശൈലി രോഗങ്ങൾ ചികിത്സിക്കുന്നതിനാവശ്യമായ എന്തെല്ലാം സൗകര്യങ്ങൾ ആണ് സർക്കാർ ഏർപ്പെടുത്തിയിരിക്കുന്നതെന്ന് വിശദീകരിക്കാമോ; | എ) | ജീവിതശൈലിരോഗങ്ങൾ പ്രതിരോധിക്കുന്നതിനും നിയന്ത്രിക്കുന്നതിനും സംസ്ഥാന ആരോഗ്യ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതിയാണ് അമൃതം ആരോഗ്യം. ജീവിതശൈലി രോഗങ്ങളിലേയ്ക്ക് നയിക്കുന്ന അനാരോഗ്യകരമായ ഭക്ഷണരീതി, വ്യായാമമില്ലായ്മ, ലഹരിയോടുള്ള ആസക്തി എന്നീ വിഷയങ്ങളെക്കുറിച്ചുള്ള ആരോഗ്യ ബോധവൽക്കരണം രോഗങ്ങൾ മുൻകൂട്ടി കണ്ടെത്തുന്നതിനുള്ള സ്ക്രീനിംങ്, രോഗം കണ്ടെത്തുന്നവർക്ക് സൗജന്യ ചികിത്സയും മരുന്നും എന്നിവയാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യം. ഈ പദ്ധതിയുടെ കീഴിൽ സംസ്ഥാനത്തെ എല്ലാ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും, സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും, കുടുംബക്ഷേമ ഉപകേന്ദ്രങ്ങളിലും ജീവിതശൈലി രോഗ നിർണ്ണയ ക്ലിനിക്കുകൾ സജ്ജീകരിക്കുകയും, മുപ്പത് വയസ്സിന് മുകളിലുള്ള എല്ലാ ജനങ്ങളേയും സ്ക്രീനിംങിന് വിധേയമാക്കുകയും ചെയ്യുന്നു. സംസ്ഥാനത്തെ 232 സാമൂഹിക ആരോഗ്യ കേന്ദ്രങ്ങളിലും 835 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും 5400 ൽ പരം കുടുംബക്ഷേമ ഉപകേന്ദ്രങ്ങളിലും 100 ജില്ലാ/ജനറൽ/താലൂക്ക് ആശുപത്രികളിലും ജീവിത ശൈലി രോഗ നിർണ്ണയ ക്ലിനിക്കുകൾ സജ്ജീകരിച്ചിട്ടുണ്ട്. ഇവിടെ പ്രമേഹം, രക്താതി സമ്മർദ്ദം, ബോഡി മാസ് ഇൻഡക്സ് എന്നീ പരിശോധനകൾ നടത്തി രോഗങ്ങൾ കണ്ടെത്തുകയും രോഗം സ്ഥിരീകരിച്ചവർക്ക് സൗജന്യമായി ചികിത്സയും മരുന്നും നൽകി വരുന്നു. ഇതിനാവശ്യമായ ഉപകരണങ്ങളും, മരുന്നുകളും ഈ കേന്ദ്രങ്ങളിലെല്ലാം കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ മുഖേന വിതരണം ചെയ്തിട്ടുണ്ട്. എല്ലാ ജനറൽ ആശുപത്രികളിലും ഡയബറ്റിക് റെറ്റിനോപ്പതി, ഡയബറ്റിക് ഫുട്ട്, സ്പൈറോമെറ്ററി, സ്ട്രോക്ക് ക്ലിനിക്ക് എന്നിവയും സജ്ജീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

| | | | |
|---|---|---|---|
| ബി) | പ്രസ്തുത സ്ഥാപനങ്ങളിലെ ഡോക്ടർമാർക്ക് പ്രത്യേക പരിശീലനം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനായുള്ള നടപടികൾ സ്വീകരിക്കുമോ? | ബി) | ആരോഗ്യ വകുപ്പിലെ എല്ലാ ഡോക്ടർമാർക്കും പാരാമെഡിക്കൽ ജീവനക്കാർക്കും ജീവിതശൈലി രോഗങ്ങളുടെ നിയന്ത്രണത്തിന് പ്രത്യേക പരിശീലനം നൽകിയിട്ടുള്ളതാണ്. ഇതിനു പുറമേ സ്ട്രോക്ക്, സി.ഒ.പി.ഡി, ക്യാൻസർ ഡയബറ്റിക് റെറ്റിനോപ്പതി, ഡയബറ്റിക് ഫുട്ട് എന്നീ മേഖലകളിലും പ്രത്യേക പരിശീലനം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ